കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി12/2323/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 29.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി12/2323/2016 തീയതി – 29.12.2016

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് .6.15 മുതൽ 30-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ (8.3.16 മുതൽ 8-11-16. തിയ്യതി വരെ) എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2016 മുതൽ 18.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുസ്മിത.കെ.വി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വി.ആർ.ഷീജ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.സവിത<br>ഭരണ നിർവഹണ കമ്മിറ്റി | 1.04.2015 മുതൽ 31.10.2015 വരെ<br>1.11.15 മുതൽ 11.11.15 വരെ |
| | ശ്രീ.സി.എൻ.ഷാജുശങ്കർ | 12.11.15 31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സി.എൻ.സത്യൻ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.ബാലകൃഷ്ണൻ | 1.04.2015 മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബിന്ദു.പി.വി | 1.04.2015 മുതൽ 17.8.2015 വരെ |
| -ടി- | ശ്രീ.എ.മോഹനൻ | 17.8.15 മുതൽ 4.03.2016 വരെ |
| -ടി- | ശ്രീ.കെ.രാധാകൃഷ്ണൻ | 4.3.2016 മുതൽ 31.3.16വരെ |
| കൃഷി ഓഫീസർ | ശ്രീ.അനൂപ് വിജയൻ | 1.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഹയറുന്നീസ | 1.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.സി.മുഹമ്മദ് ഹനീഫ | 1.04.2015 മുതൽ 31.03.2016 വരെ |
| എം.ഒ. | ഡോ.മോഹനൻ | 1.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ശ്രീ.മുഹമ്മദ് ഷരീഫ് | 1.04.2015 മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| വി.ഇ.ഒ. | ശ്രീമതി.മല്ലിക | 1.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സന്തോഷ് രാജ് | 1.04.2015 മുതൽ 31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 96071500 രൂപയും പ്രതീക്ഷിത ചെലവ് 97148090 രൂപയുമാണ്. പ്രതീക്ഷിത തനത് വരുമാനം താഴെ ചേർക്കുന്നു.

പ്രതീക്ഷിത വരവ്

നികുതി വരവ് - 3660000

നികുതിയേതര വരവ് -1414500

ആകെ പ്രതീക്ഷിത തനത് വരുമാനം – 5074500

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|

| | |
|---|---|
| 2015-16 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 12811654 |
| വരവ് | 55434788 |
| ആകെ | 68246442 |
| ചെലവ് | 59430874 |
| നീക്കിയിരിപ്പ് | 8815568 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക (Transfer credit വരവ്) | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 952010 | 2118589 | - | 3070599 | 3070599 | - | 0 |
| | Consolidated fund (allotment) | - | 8729168 | 8729168 | 5262704 | 3466464 | 0 |
| വികസന ഫണ്ട് എസ്.സി.പി | Consolidated fund (allotment) | | 5881000 | 5881000 | 5881000 | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | Consolidated fund (allotment) | | 15718000 | 15718000 | 15718000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | Consolidated fund (allotment) | | 2320000 | 2320000 | 2320000 | 0 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1552589 | | | 400000+ 1152589 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Consolidated fund (allotment) | | 3161490 | | 3161490 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2266000 | | | | 1300000+ 966000 | 0 | |
| | Consolidated fund (allotment) | | - | | | | |

(*) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. -

From

13 F.C - 1152589

world bank - 966000

2118589

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|
| 2015-16 | 197 | 45530368 | 191 | 42368561 | - | 6 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 97 % പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 93 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 544635 | 740349 | 195714 | 35.9 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 313419 | 583846 | 270427 | 86.3 |
| മറ്റിനം | 3286856 | 3288320 | 1464 | -- |
| ആകെ വരവുകൾ | 4144910 | 4612515 | 467605 | 11.28 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | 2014-15 | |
|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 167880 | 120 |
| കർഷകതൊഴിലാളി പെൻഷൻ (നേരിട്ട് നൽകിയത്) | 4351674 | 409 |
| വിധവാപെൻഷൻ (നേരിട്ട് നൽകിയത്) | 8528930 | 1008 |
| വാർദ്ധക്യകാല പെൻഷൻ (നേരിട്ട് നൽകിയത്) | 5972360 | 1006 |
| വികലാംഗ പെൻഷൻ (നേരിട്ട് നൽകിയത്) | 1743477 | 225 |

<u>സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.</u>

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ 30-45 ദിവസത്തിനകം തീരുമാനമെടുത്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 6 | 2 |
| 2 | വിധവാ പെൻഷൻ | 49 | 49 | - |
| 3 | വികലാംഗ പെൻഷൻ | 30 | 30 | 2 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | - |

| | | | | |
|---|---|---|---|---|
| 5 | വാർദ്ധക്യകാല പെൻഷൻ | 264 | 264 | 32 |

# 1-9. ഫണ്ടുകളുടെ വകമാറ്റൽ

ഫണ്ടുകളുടെ വകമാറ്റൽ ഉണ്ടായിട്ടില്ല.

# 1-10 പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ പ്രവർത്തനം

2015-16 വർഷത്തിൽ 2 തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

# 1-11 തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്.

| ഇനം | എണ്ണം |
|---|---|
| സിഎഫ്എൽ 1*18 വാട്ട് | 797 |
| സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 12 |
| ഓർഡിനറി ബൾബ് വാട്ട് | 212 |
| ഹൈമാസ്റ്റ് | 3 |
| ഫ്ലൂറസന്റ് ട്യൂബ് 2*40 വാട്ട് | 15 |

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കിവരുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പ്രതിമാസം 40738/- രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.

# 1-11 പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ പ്രവർത്തനം

ഒഴിവാക്കി

# 1-12 കുടിവെള്ള പദ്ധതികളുടെ വിവരം

ഗ്രാമപഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികളൊന്നും നടത്തുന്നില്ല.

# 1-13 പൊതു ടാപ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ ജല അതോറിറ്റിയുടെ 166 പൊതുടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം 72625/- രൂപ വെള്ളക്കരമായി ഒടുക്കുന്നുണ്ട്.

# 1-14 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-11-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11120/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.15 to15.10.2016 | 9/2016 | ലഭിച്ചിട്ടില്ല. 7/16 ലെ റിപ്പോർട്ട് 6.10.16 ന് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.8.2003 – 30.8.03 | 1997-98 to 2002-03 | 7.11.2003 |

# 1-16 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 29.6 ച.കി.മീ |
| വാർഡുകൾ | 14 |
| ജനസംഖ്യ | 23550 |
| സ്ത്രീ | 11896 |
| പുരുഷൻ | 11654 |

| | |
|---|---|
| പട്ടികജാതി | 3673 |
| പട്ടികവർഗ്ഗം | - |
| ബ്ലോക്ക് | ശ്രീകൃഷ്ണപുരം |
| നിയമസഭാ മണ്ഡലം | ഒറ്റപ്പാലം |
| ലോകസഭാ മണ്ഡലം | പാലക്കാട് |
| താലൂക്ക് | ഒറ്റപ്പാലം |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്

പഞ്ചായത്തിലെ മിക്ക സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കിയതിൽ വീട്ടുവാടക ഉൾപ്പെടുത്തിയിട്ടുണ്ട്. 24-08-2005 ലെ പഞ്ചായത്ത് രാജ് ആക്റ്റ് 1994/ sec. 204 തൊഴിൽ നികുതി ഭേദഗതി പ്രകാരം വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ 11.05.2007 ലെ സി 3 – 15557/ 07 നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തൊഴിൽ ഉടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമനം | സ്ഥാപനം | വർഷം |
|---|---|---|
| 1 | സുരേന്ദ്ര ഇന്ത്യൻ ഗ്യാസ് ഏജൻസി, ശ്രീകൃഷ്ണപുരം | 2015-16 ഒന്നും രണ്ടും അർധവർഷം |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 അംഗീകൃത അൺഎയ്ഡഡ് സ്കൂളിൽ നിന്നും

## നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1988 ലെ CBSE Affiliation പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന CBSE സ്കൂൾ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളസ്കെയിലിലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകണമെന്നാണ് വ്യവസ്ഥ. (CBSE Affiliation ബൈലോയിലെ ഖണ്ഡിക 3(v) കാണുക) എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സെന്റ് ഡൊമിനിക്സ് സി.ഇ.എം. സ്കൂൾ സ്ഥാപന മേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ (2015-16 ഒന്നും രണ്ടും അർധവർഷം ) രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. CBSE സ്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം പ്രകാരമുള്ള അർദ്ധ വാർഷിക വരുമാന റിട്ടേണുകളാണോ സ്ഥാപന മേധാവികൾ ലഭ്യമാക്കുന്നത് എന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | വർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, ശ്രീകൃഷ്ണപുരം | 2015-16 ഒന്നും രണ്ടും അർധവർഷം |
| 2 | കെ.എസ്.ഇ.ബി. ശ്രീകൃഷ്ണപുരം | 2015-16 ഒന്നും രണ്ടും അർധ വർഷം |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് ചമക്കാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD തിയതി : 01.02.2012 സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിനു ശേഷം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തിയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതിയായി കണക്കാക്കുന്നതാണ്. ഭരണസമിതി ടെണ്ടർ അംഗീകരിച്ചതിനുശേഷം 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം PAC യുടെ 1% തുക ( മിനിമം 1000/- രൂപ ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കിയശേഷം മാത്രം കരാർ വയ്ക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തിക്കൾക്ക് കരാറുടമ്പടി വെയ്ക്കാൻ കാലതാമസം വന്നുവെങ്കിലും നിയമാനുസൃതമായ പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

| | | അടങ്കൽ | ബിൽ നം | സെല ക്ഷൻ | കരാർ/ തിയതി | ഈടാ ക്കേണ്ട |
|---|---|---|---|---|---|---|

| | | | | നോട്ടിസ് തിയതി | | പിഴ |
|---|---|---|---|---|---|---|
| | കരാറുകാരൻ ശ്രീ.എൻ.അബ്ദുൾ കാസിം | | | | | |
| 1 | അംഗൻവാടി കെട്ടിടം ഇടപ്പള്ളി ( 174/16) | 916000 | 143/29.3.16 | 14.9.15 | 130/15/ 25.11.15 | 9160 |
| 2 | നീലമംഗലം പാറശ്ശേരിതൊടി റോഡ് (14/16) | 100000 | 20/11.9.15 | 3.7.15 | 106/15-16 /3.8.15 | 1000 |
| 3 | മലപ്പുറം കുണ്ട് റോഡ് (104/16) | 100000 | 19/11.9.15 | 3.7.15 | 102/15-16 /3.8.15 | 1000 |
| 4 | കുളപ്പറമ്പ് കുന്ന് റോഡ് ( 101/16) | 296000 | 18/11.9.15 | 3.7.15 | /101/15-16 / 3.8.15 | 2960 |
| 5 | പുഴക്കൽ പടി റോഡ് (150/16) | 450000 | 101/17.2.16 | 3.7.15 | 119/15-16 /3.8.15 | 4500 |
| 6 | പള്ളിപ്പുറം സ്രാമ്പിക്കൽപടി റോഡ്(151/16) | 300000 | 63/31.10.15 | 3.7.15 | 107 /3.8.15 | 3000 |
| 7 | പുഞ്ചപ്പാടം റോഡ്(114/16) | 400000 | 61/31.10.15 | 3.7.15 | 109/ 3.8.15 | 4000 |
| 8 | മുഞ്ഞപ്പാററോഡ് സൈഡ് പ്രൊട്ടക്ഷൻ(117/16) | 100000 | 25/14.9.15 | 3.7.15 | 117 /3.8.15 | 1000 |
| 9 | മുത്തലാംകുന്ന് റോഡ് (16/16) | 200000 | 22/11/9.15 | 3.7.15 | 103 / 3.8.15 | 2000 |
| 10 | നീലമംഗലം വടക്കേക്കര റോഡ് (105/16) | 100000 | 21/11.9.15 | 3.7.15 | 104/ 3.8.15 | 1000 |
| 11 | കുളക്കഴി റോഡ് (112/16) | 440000 | 64/31.10.15 | 3.7.15 | 116/ 3.8.15 | 4400 |
| 12 | കറമ്പറ്റ പടിഞ്ഞാക്കരപ്പാടം റോഡ് (98/16) | 260000 | 147/29.3.16 | 3.7.15 | 112/ 3.8.15 | 2600 |
| 13 | ആശാരിക്കടവ് റോഡ് (97/16) | 150000 | 148/29.3.16 | 3.7.15 | 105/ 3.8.15 | 1500 |
| 14 | കുളക്കാട്ടുകുറിശ്ശി റോഡ് (102/16) | 490000 | 94/17.2.16 | 3.7.15 | 114 /3.8.15 | 4900 |
| 15 | പൂവടിക്കുന്ന് റോഡ് (109/16) | 396000 | 95/17.2.16 | 3.7.15 | 115/ 3.8.15 | 3960 |
| 16 | മാത്തിൽപടി റോഡ് (149/16) | 400000 | 96/17.2.16 | 3.7.15 | 118/ 3.8.15 | 4000 |

| | | | | | | |
|---|---|---|---|---|---|---|
| 17 | മണ്ണമ്പറ്റ റോഡ് (92/16) | 490000 | 92/17.2.16 | 3.7.15 | 111/ 3.8.15 | 4900 |
| | കരാറുകാരൻ-ശ്രീ.ഇ.ദാസൻ | | | | | |
| 18 | പൊസ്റ്റോഫീസ് റോഡ് നവീകരണം (146/16) | 225000 | 66 / 16.12.15 | 3.7.15 | 97/ 30.7.15 | 2250 |
| | | | | | | 58130 |

ഓഡിറ്റ് എൻക്വയറി നം-8/17.11.16 ന് മറുപടി ലഭ്യമായില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 58130/- രൂപ കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - അർഹതയില്ലാത്ത ഗുണഭോക്താവിന് അനുവദിച്ചു

പ്രൊജക്ട് നം - 158/16

അടങ്കൽ - പ്ലാൻ - 473350

തനത് ഫണ്ട് - 159800

ചെലവ് - 633150

ബിൽ നം -6/15.3.16 – (473350)

പദ്ധതി പ്രകാരം 42210/- രൂപ വിലയുള്ള ലാപ് ടോപ്പ് 15 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. G.O(p) 787/15/18.3.15 പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജുവേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്നവർക്കാണ് ലാപ് ടോപ്പ് നൽകാവുന്നത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി പ്രകാരം ഷീജ.വി. D/O നാരായണൻ എന്ന BBA ഡിഗ്രി കോഴ്സ് വിദ്യാർത്ഥിനിക്കും (VTB College) ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ബിരുദ വിദ്യാർത്ഥിനിക്ക് ലാപ് ടോപ്പ് നൽകുന്നതിനായി ചെലവഴിച്ച 42210/- രൂപ നിരാകരിക്കുന്നു. തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം - 3/ 16.11.16)

## 3-3 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹതയില്ലാത്തവർക്ക് തുക അനുവദിച്ചു

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2015-16 വർഷത്തിൽ താഴെ പറയുന്ന

രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | പ്രൊജക്റ്റ് നം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക | ബിൽ നം. |
|---|---|---|---|---|
| ജനറൽ | 45/16 | 44 | 300000 | 9/11.3.16 |
| എസ്.സി | 46/16 | 11 | 75000 | 10/11.3.16 |

പന്ത്രണ്ടാം പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖ ജി.ഒ.(എം.എസ്.362/13/ തസ്വഭവ dt.16.11.13 ഖണ്ഡിക 5.3. പ്രകാരം കുറഞ്ഞത് 40% disability ഉള്ളവർക്ക് മാത്രമാണ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായത്തിന് അർഹതയുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷ, മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ 4 ഗുണഭോക്താക്കൾ 40% വൈകല്യമില്ലാത്തവരാണെന്ന് എന്ന് കാണുന്നു. പദ്ധതി പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പദ്ധതി | % of disability | മെഡിക്കൽ സർട്ടിഫിക്കറ്റ് നം (ജില്ലാ ആശുപത്രി, പാലക്കാട്) | ഡി.ഡി.നം | തുക |
|---|---|---|---|---|---|---|
| 1 | ശ്രീനാഥ്<br>S/0.വേണുഗോപാലൻ വലമ്പിലിമംഗലം | ജനറൽ | Vl -30% | 321488/ 1.11.10 | 389770/ 22.3.2016 | 5000 |
| 2 | ശ്രീ.നവനീത്<br>S/o ശിവദാസൻ മണ്ണംപറ്റ | “ | Ph 30% | 214/9.3.11 | 389774/ 22.3.16 | 4500 |
| 3 | ശ്രീ.പ്രണവ്<br>S/O പ്രസാദ്.എൻ. നേത്യാർ വീട് | “ | CP 30% | | 389782/ 22.3.16 | 4100 |
| 4 | ശ്രീമതി.രശ്മി<br>D/O തത്ത, മംഗലാംകുന്ന് | എസ്.സി | Vl 30% | 891/14.8.13 | 389694/ 21.3.16 | 8000 |
| | | | | | | 21600 |

സ്കോളർഷിപ്പിന് അർഹരല്ലാത്ത വ്യക്തികൾക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/16.11.16) മറുപടിയായി അവശതയനുഭവിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയതാണ് എന്നും അപാകത വീണ്ടും ആവർത്തിക്കുകയില്ല

എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. പദ്ധതി ഫണ്ട് വിനിയോഗിക്കുമ്പോൾ പദ്ധതി മാർഗ്ഗനിർദേശങ്ങളും അർഹതാമാനദണ്ഡങ്ങളും പാലിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥയുടെ ചുമതലയാണ്. സബ്സിഡി മാർഗരേഖയുടെ ലംഘനം ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ് എന്ന് മാർഗ്ഗരേഖ (അനുബന്ധം 16) – 2.3 ൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം 21600/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

# 3-4 അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ - ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് -. അങ്കണവാടികൾക്ക് കളിക്കോപ്പുകൾ

പ്രോജക്ട് - 47/16

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ - 100000/- (പ്ലാൻ)

ചെലവ് - 100000/-

ബിൽ നം - 13/23.3.16

പദ്ധതി പ്രകാരം 20 അംഗൻവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങുന്നതിനായി 2/12/15 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 4 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് വിനായക് സ്പോർട്സ്, തൃശ്ശൂർ എന്ന സ്ഥാപനമാണ്. ( 93000). തുടർന്ന് 17.12.15 ലെ ഭരണസമിതി തീരുമാനം നമ്പർ 7 പ്രകാരം ക്വട്ടേഷൻ നൽകിയ സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്താൻ തീരുമാനിക്കുകയും 17.12.16 ന്റെ കത്ത് (icds/skpm/47/15-16) പ്രകാരം സാമ്പിൾ, നെഗോസിയേഷനായി വിലകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം 2.2.16 ന് ഹാജരാകുവാൻ ആവശ്യപ്പെടുകയും ചെയ്തു. രണ്ട് സ്ഥാപനങ്ങളിൽ നിന്നും പുതിയ നിരക്ക് ലഭ്യമായതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ veco trading , arimbur, thrissur (4900x20 =98000)) ൽ നിന്നും വാങ്ങുകയും ചെയ്തു. G.O.(P) 259/2010 /lsgd/8.11.10) പ്രകാരം ക്വട്ടേഷൻ സമർപ്പിച്ചവരുമായി നെഗോസിയേഷൻ നടത്താൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമായ ക്വട്ടേഷനുകൾ പരിഗണിക്കാതെ നെഗോസിയേഷൻ നടപടികൾ സ്വീകരിച്ചത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറിക്ക്-2/16.11.16 മറുപടിയായി താഴ്ന്ന നിരക്കിലുള്ള ക്വട്ടേഷൻ സമർപ്പിച്ചവർ എഗ്രിമെന്റ് വെയ്ക്കാനോ സാധനങ്ങൾ വിതരണം ചെയ്യാനോ താൽപര്യമില്ലാതെ പിൻമാറുകയാണ് ചെയ്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകുകയോ രേഖാമൂലം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ നടപടി ക്രമങ്ങൾ പാലിക്കാതെ സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തി പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. ചെലവ് തുക 100000/-ൽ നിരാകരിച്ച 7000/- രൂപ ഒഴികെ 93000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. അധിക നിരക്കിൽ വാങ്ങിയതിനു നഷ്ടമായ 7000/- രൂപ തിരികെ

ഈടാക്കേണ്ടതാണ്.

## 3-5 കമ്പ്യൂട്ടർ പർച്ചേസ് - ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് – കൃഷിഭവന് കമ്പ്യൂട്ടർ

പ്രൊജക്ട് നം - (37/16)

നിർവഹണം - കൃഷി ഓഫീസർ

അടങ്കൽ M.G.(NR)- 50000

ബിൽ നം - 8/29.3.16 – 50000

ഡി.ഡി നം - 391135/31.3.16

പദ്ധതി പ്രകാരം ലാപ് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 24.2.16 ന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ നോട്ടീസിൽ Specification വ്യക്തമാക്കിയിരുന്നില്ല. 50000/- രൂപക്കുള്ള ലാപ് ടോപ്പ്, പ്രിന്റർ എന്നിവക്കായി ക്വട്ടേഷൻ ക്ഷണിക്കുന്നു എന്ന് മാത്രമാണ് ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയത്. ലഭ്യമായ ക്വട്ടേഷനുകളുടെ വിവരം താഴെ ചേർക്കുന്നു.

| | Dell core I3/4 GB/15.6" | Canon laser printer mode l no -3010 | Asus 4 GB/1 TB |
|---|---|---|---|
| വിശ്വാസ് കമ്പ്യൂട്ടർ | 38000 | 12000 | |
| പി.സി.വേൾഡ് | | 9700 | 33500 |
| ഹൈടെക് കമ്പ്യൂട്ടർ | | 9700 | 34500 |
| സൈബർ ടെക് | 33300 | 9750 | 32350 |
| | 35500 | 13500 | |

കൃഷി ഓഫീസറുടെ ഉത്തരവ് നം -skp 23/15 തിയതി - nil പ്രകാരം *" Laptop dell intel core I3 processor 3542 കമ്പ്യൂട്ടറും പ്രിന്റർ all in one laser 3010 ഉം വാങ്ങാൻ ക്വട്ടേഷൻ ലഭിച്ചതിൽ Tin No. ഉള്ള ഏക സ്ഥാപനമായി വിശ്വാസ് കമ്പ്യൂട്ടറിന്റെ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിച്ചു "*

അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ (Laptop 32350 /- printer 9750) പരിഗണിക്കാതെ ഉയർന്ന നിരക്കിൽ (Laptop - 38000, printer -12000) പർച്ചേസ് നടത്തിയത് അംഗീകരിക്കാവുന്നതല്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (5/16.6.16) ന് മറുപടി ലഭ്യമായില്ല. ലാപ് ടോപ്പ് അധിക നിരക്കിൽ വാങ്ങിയതിനാൽ 4700 (38000-33300) രൂപയും പ്രിന്ററിന് 2250/- (12000- 9750) രൂപയും നഷ്ടമായി. പ്ലാൻ ഫണ്ടിന് നഷ്ടമായ 6950/-രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-6 ഇ.എം.എസ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ ധനസഹായം നൽകി

ഇ.എം.എസ് ഭവനപദ്ധതി (156/16) പ്രകാരം വി.ഇ.ഒ. തൻവർഷം തനത്ഫണ്ടിൽ നിന്നും 310000/- രൂപ വകയിരുത്തുകയും 195000/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്

| നം | പേര് | ചെക്ക് നം / തിയതി | തുക | നാളിതുവരെ ആകെ നൽകിയ തുക |
|---|---|---|---|---|
| 1 | പാർവതി, ഉഴുന്നുംകോട്ടിൽ | 30283/22.5.15 | 30000 | |
| | | 30457/4.6.15 | 50000 | |
| | | 2232491/12.8.15 | 40000 | 187500 |
| 2 | മണികണ്ഠൻ, മുണ്ടക്കൽപറമ്പ് | 29205/29.6.15 | 25000 | |
| | | 29470/17.8.15 | 50000 | |

| | | | | |
|---|---|---|---|---|
| | | 25918/23.12.15 | 50000 | |
| | | 26436/10.2.16 | 7500 | 200000 |
| 3 | തങ്കം, അവിഞ്ഞിക്കുഴി | 29457/29.7.15 | 7500 | 75000 |
| 4 | കൃഷ്ണദാസൻ, വടക്കേക്കര | 27347/9.3.16 | 7500 | 75000 |
| 5 | സന്തോഷ് കുമാർ, താനിക്കപറമ്പിൽ | 27646/29.3.16 | 7500 | 75000 |
| | | | 275000 | |

EMS Housing scheme register പ്രകാരം 2011-12 വർഷത്തെ ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾക്കാണ് തുക നൽകിയിരിക്കുന്നത്. ഇവരിൽ മുൻവർഷങ്ങളിൽ ഭവനനിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റാത്ത 5 ഗുണഭോക്താക്കൾക്കായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2011-12 ൽ പദ്ധതി പ്രകാരം 75000/- രൂപ വീതമാണ് ധനസഹായം നൽകേണ്ടത്. 3 ഗുണഭോക്താക്കൾക്ക് 75000/- രൂപയുടെ ബാലൻസ് തുകയായ 7500/- രൂപ വീതം നൽകി. എന്നാൽ പാർവതി, മണികണ്ഠൻ എന്നീ 2 ഗുണഭോക്താക്കൾക്ക് മാത്രം ധനസഹായം 2,00,000/- രൂപയായി ഉയർത്തിയതായി (ഭരണസമിതി തീരുമാനം 27-04-15 ലെ 10 ) കാണുന്നു. ഗുണഭോക്താക്കൾക്ക് പല നിരക്കിൽ ധനസഹായം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/16.6.16 നുള്ള മറുപടിയിൽ പഞ്ചായത്ത് തീരുമാനിച്ചതിനാലാണ് രണ്ട് ഗുണഭോക്താക്കൾക്ക് അധിക തുക നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഒരേ പദ്ധതിയിലെ ഗുണഭോക്താക്കളിൽ ചിലർക്ക് മാത്രം അധികനിരക്കിൽ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

ശ്രീ.മണികണ്ഠൻ ഭവനനിർമ്മാണം പൂർത്തിയാക്കി 200000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പാർവതി, ഉഴുന്നുകോട്ടിൽ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തിയാക്കിയെങ്കിലും അവസാനഗഡു ധനസഹായം നൽകിയിട്ടില്ല. വി.ഇ.ഒ. 5.12.15 ന് നൽകിയ കത്തിൽ വീടിന്റെ തറവിസ്തീർണ്ണം ഇ.എം.എസ്.ഭവനത്തിനുള്ള പരിധിയിൽ (66 $m^2$) അധികരിച്ചതായി അറിയിച്ചിട്ടുണ്ട്. 1100/- ച.അടി വിസ്തീർണ്ണമുള്ള വീട് പണി പൂർത്തിയാക്കിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അനുവദനീയമായ വിസ്തീർണ്ണത്തിൽ നിന്നും അധികരിച്ച് കെട്ടിട നിർമ്മാണം നടത്തി കരാർ ലംഘനം നടത്തിയതിനാൽ നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

2011-12 സാമ്പത്തിക വർഷത്തെ ഇം.എം.എസ്.ഭവന പദ്ധതി ഗുണഭോക്താക്കളായ താഴെ പറയുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| | ആകെ അനുവദനീയമായ തുക | നാളിതുവരെ കൈപ്പറ്റിയത് |
|---|---|---|
| മണികണ്ഠൻ, പുഞ്ചപ്പാടം | 75000 | 67500 |
| ചന്ദ്രശേഖരൻ, തേക്കിൻകാട്ടിൽ | 75000 | 67500 |

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 മീഡിയശ്രീ - വിനിയോഗവിവരം ലഭ്യമാക്കണം

പ്രൊജക്ട് നം - 53/16

ബിൽ നം - 1/23.7.15 – 65000/-

ഡി.ഡി നം - 70754/24.7.15

പദ്ധതി പ്രകാരം കുടുംബശ്രീ മിഷൻ, തിരുവനന്തപുരത്തിന് 65000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. പദ്ധതി ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-9 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 20 അങ്കണവാടികളാണ് പ്രവർത്തിച്ചുവരുന്നത്. അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 20 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 19 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 1 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 19 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | - |
| 6 | വൈദ്യുതി ഉള്ളവ | 17 |
| 7. | കുടിവെള്ളം ലഭ്യമായവ | 17 |
| 8 | ചുറ്റുമതിൽ ഉള്ളത് | 15 |

| | | |
|---|---|---|
| 9 | ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 1 ( വടക്കേക്കര അംഗൻവാടി) |

കുടിവെള്ളം, വൈദ്യുതി കണക്ഷൻ, ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പല അംഗൻവാടികളിലും നിലവിലില്ല. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വൈദ്യുതീകരണം, ചുറ്റമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. സ.ഉ (എം.എസ്) നം.362/2013/ ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം. ഗ്രാമപഞ്ചായത്തിലെ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 100 | 131 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 4 | 3 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 18 | 4 |
| നാളിതുവരെ ലഭിച്ചവർ | 15 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 58 | 62 |
| നാളിതുവരെ ലഭിച്ചവർ | 0 | 4 |
| കക്കൂസ് ആവശ്യമുള്ളവർ | 32 | 25 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 57 | 49 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | 10 | 0 |
| വൈദ്യുതി ആവശ്യമുള്ളവർ | 20 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| മരുന്ന് ആവശ്യമുള്ളവർ | 52 | 135 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |
| ഭക്ഷ്യവസ്തുക്കൾ ആവശ്യമുള്ളവർ | 100 | 214 |
| നാളിതുവരെ ലഭിച്ചവർ | 100 | 0 |

സ.ഉ (എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ 100 ഉം രണ്ടാം ഘട്ട ലിസ്റ്റിൽ 131 ഉം അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ആശ്രയ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും(പ്ലാൻ) 1995000/- രൂപ I-ാം പദ്ധതിക്കും വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. II-ാം പദ്ധതിക്ക് 1310420/- രൂപ വകയിരുത്തിയതിൽ 285579 രൂപ വിനിയോഗിച്ചിട്ടുണ്ട്. കുടുബശ്രീ മിഷനിൽ നിന്നും 1000000/- രൂപ 2004-05 ൽ ലഭിച്ചതിൽ 867510/- രൂപ ചെലവഴിച്ചു. 132490 രൂപ നീക്കിയിരിപ്പുണ്ട്. ആശ്രയ പദ്ധതിക്കായി ലഭിച്ച ഫണ്ട് വർഷങ്ങളോളം വിനിയോഗിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്ന അവസ്ഥ ഒഴിവാക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ആശ്രയ രണ്ടാം ഘട്ടം 2017 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 187500 | ഉഴവ് കൂലി | 187500 | 0 |

# 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

# 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 68246442 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59430874 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 128890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 58130 | ശ്രീ.കെ.ബാലകൃഷ്ണൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 42210 | ശ്രീ.രാധാകൃഷ്ണൻ.കെ.<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 21600 | ശ്രീമതി.ഹയറുന്നീസ<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-5 | | 6950 | ശ്രീ. അനൂപ് വിജയൻ<br>കൃഷി ഓഫീസർ |
| | | 128890 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 100000 | ശ്രീമതി.ഹയറുന്നീസ ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| | 100000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാധാകൃഷ്ണൻ<br>അസി.സെക്രട്ടറി | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | കോതാണ്ടത്ത് ഹൗസ്<br>മാങ്ങോട് (PO)<br>പാലക്കാട് - 679503 |
| ശ്രീമതി. ഹയറുന്നീസ<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | " | കച്ചേരിപറമ്പ്<br>കിഴക്കേപ്പുറം(PO)<br>മണ്ണൂർ<br>പാലക്കാട് - 678642 |
| ശ്രീ.അനൂപ് വിജയൻ<br>കൃഷി ഓഫീസർ | " | നൂപുരം പഴവാടി നെടുമങ്ങാട്(പി.ഒ) തിരുവനന്തപുരം |
| ശ്രീ.ബാലകൃഷ്ണൻ എ.ഇ. | " | കോട്ടപ്പടി ഹൗസ് കടമ്പഴിപ്പുറം (പി.ഒ) |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

അനുബന്ധം - 1

നം. കെ.എസ്.എ-പികെഡി12/2323 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -29-12-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD12/2323/2016

Kerala State Audit Department

District Audit Office

Palakkad

Date – 29-12-2016

## Audit Certificate

Certified that I have audited the Annual Financial Statement of **sreekrishnapuram** Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **sreekrishnapuram** Grama panchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset value not updated and linked with Sankhya.

Deputy Director